പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4404 | 21.03.2018-ൽ മറുപടിക്ക് |
|---|---|

## പോലീസ് സേനയുടെ കാര്യക്ഷമമായ സേവനം

| ചോദ്യം<br>ശ്രീ. കെ. ബാബു | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പോലീസ് സേനയുടെ സേവനം കാര്യക്ഷമമായി പൊതുജനങ്ങൾക്ക് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സേവനം കാര്യക്ഷമമായി പൊതുജനങ്ങൾക്ക് നൽകുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ചുള്ള പോലീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കുറ്റാന്വേഷണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയും അന്വേഷണത്തിനായി സമർത്ഥരായ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും വഴി തെളിയാതിരുന്ന ഒട്ടനവധി കേസുകൾ തെളിയിക്കുവാൻ സാധിച്ചു. കൂടാതെ ജനകീയ പോലീസ് നയത്തിന്റെ ഭാഗമായി സ്റ്റേഷനിലേക്ക് വരുന്ന പൊതുജനങ്ങൾക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനായി PRO-മാരെ നിയമിച്ചിട്ടുള്ളതും, സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം വ്യാപിപ്പിക്കുന്നതിനായി CCTNS പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. Passport verification വേഗത്തിൽ നടപ്പിലാക്കുന്നതിനായി E-VIP എന്ന application നടപ്പിലാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന FIR-ന്റെ പകർപ്പ് 24 മണിക്കൂറിനുള്ളിൽ പൊതുജനങ്ങൾക്ക് Police Website-ൽ നിന്നും ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജനമൈത്രി, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് എന്നിവയും കൂടാതെ സാമൂഹ്യ വിരുദ്ധ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിലേക്കായി Anti Goonda Squad സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്ക് നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ കടന്ന് ചെന്ന് പരാതികളും മറ്റും നൽകുന്നതിലേക്കായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ് ഡെസ്ക്സ് പ്രവർത്തിച്ചു വരുന്നു. കൂടാതെ സ്ത്രീകളുടെ പരാതികളും കേസ്സുകളും കൈകാര്യം ചെയ്യുന്നതിനായി വനിതാ പോലീസ് സ്റ്റേഷനുകളും, വനിതാ ഹെൽപ് ലൈനും, വനിതാ സെല്ലും പ്രവർത്തിച്ചു വരുന്നു. സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി Women Self Defence Training Programme നടത്തിവരുന്നു. |
| (ബി) | പോലീസ് സേനയിലെ ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരും കുറ്റമറ്റ സ്വഭാവമുള്ളവരും മാത്രമെ പോലീസ് സേനയിൽ നിയമിതരാവുകയുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ ഉദ്യോഗാർത്ഥികളുടെ നിയമനത്തിനു മുന്നോടിയായി അന്വേഷണം നടത്തിവരുന്നതും ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവരുടെ നിയമനം തടയുന്നതിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നതും നിയമനം ലഭിച്ചതിനുശേഷം ഉദ്യോഗസ്ഥർ ക്രിമിനൽ സ്വഭാവമുള്ള പ്രവർത്തികളിലേർപ്പെട്ടാൽ നിലവിലെ നിയമം അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ